LIBRARY ARCHIVES Kerala Legislative Assembly

ഇലക്ട്രോണിക് ഫിംഗർ പ്രിന്റ് റീഡർ സ്ഥാപിക്കുവാൻ പദ്ധതി

13 (1753) ശ്രീ. നോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രോണിക് ഫിംഗർ പ്രിന്റ് റീഡർ പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിക്കുവാൻ പദ്ധതിയിട്ടിരുന്നുവോ ; എങ്കിൽ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഈ പദ്ധതി നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഇതിനോടകം എത്ര തുക വിനിയോഗിച്ചു ;

(സി) ഈ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുൻപായി എത്ര പോലീസ് സ്റ്റേഷനുകളിൽ കൂടി ഈ സംവിധാനം നടപ്പാക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇലക്ട്രോണിക് ഫിംഗർ പ്രിന്റ് റീഡർ എന്ന ഉപകരണം പോലീസ് സ്റ്റേഷനുകളിൽ സ്ഥാപിക്കുവാൻ പദ്ധതിയില്ല.

(ബി&സി) ബാധകമല്ല.

വനിതാ പോലീസിന്റെ എണ്ണം

14 (1754) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര വനിതാ പോലീസ് ഉദ്യോഗസ്ഥർ ജോലി നോക്കി വരുന്നു ; കോൺസ്റ്റബിൾ, എസ്.ഐ., സി.ഐ, ഡിവൈ.എസ്.പി., എസ്.പി., ഡി.ഐ.ജി., ഐ.ജി. എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ ;

(ബി) പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കാൻ ഈ സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 2730 വനിതാ പോലീസ് ഉദ്യോഗസ്ഥർ ജോലി നോക്കി വരുന്നു. തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ഐ.ജി.	-	2
ഡി.ഐ.ജി.	-	...
എസ്.പി.	-	1
എ.എസ്.പി.	-	2
ഡി.വൈ.എസ്.പി.	-	1
സി.ഐ.	-	21
എസ്.ഐ.	-	70
എച്ച്.സി	-	150
പി.സി.	-	2483
ആകെ	-	2730

(ബി) ഒരു മഹിളാ പോലീസ് ബറ്റാലിയൻ സംസ്ഥാനത്ത് രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ ഇന്റലിജൻസ് അഡീഷണൽ ഡി.ജി.പി. തലവനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സബ് ഇൻസ്പെക്ടർ (GE) തസ്തികയിലേക്ക് വനിതകളെ നേരിട്ട് നിയമിക്കുവാനും ഉത്തരവായിട്ടുണ്ട്.

ആലുവയിലെ ജനമൈത്രി പോലീസ് പദ്ധതി

15 (1756) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ജനമൈത്രി-പോലീസ് പദ്ധതി ആരംഭിച്ചതിനുശേഷം ആലുവ പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കേസുകളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ ;

(ബി) ജനമൈത്രി പോലീസ് പദ്ധതി മുഖേന ആലുവായിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു

LIBRARY ARCHIVES Kerala Legislative Assembly